(ബി) 1990 മാർച്ച് 31 .. 22.78 %

1995 മാർച്ച് 31 .. 20.04 %

2000 മാർച്ച് 31 .. 17.41 %

2004 ഡിസംബർ 31 .. 24.67 %

(സി) പ്രസരണ-വിതരണ നഷ്ടം പ്രതിവർഷം 2% കുറയ്ക്കാനാണ് ലക്ഷ്യ മിട്ടിട്ടുള്ളത്. ഇതുവഴി ഏകദേശം 0.7 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിദിനം ലാഭിക്കുവാനും തൻമൂലം പ്രതിവർഷം 100 കോടി രൂപ ലാഭിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഭൂഗർഭ കേബിളിലൂടെ വൈദ്യുത വിതരണം

11 [2628] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.-യുടെ നിയന്ത്രണത്തിൽ വൈദ്യുതി വിതരണത്തി നായി എത്ര സെക്ഷനുകളിൽ ഭൂഗർഭ കേബിൾ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ഉപഭോക്താക്കൾക്ക് ഈ സംവിധാനത്തിന്റെ പ്രയോജനം ലഭിക്കുന്നുവെന്ന് വിശദമാക്കാമോ;

(സി) ഭൂഗർഭ/ഉപരിതല ലൈനുകളിലൂടെ വൈദ്യുതി വിതരണത്തിന് വേണ്ടി വരുന്ന ചെലവുകളുടെ താരതമ്യപഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ നഗര/ഗ്രാമമേഖലകളിൽ ഒരു കിലോമീറ്റർ ഭൂഗർഭ/ഉപരിതല വൈദ്യുതി ലൈനിന് വേണ്ടിവരുന്ന പ്രാരംഭപരിപാലന ചെലവുകൾ വിശദമാക്കാമോ;

(ഇ) തലസ്ഥാന നഗര മേഖലയിലെ പ്രധാന പാതകളിൽ വൈദ്യുതി വിതരണം ഭൂഗർഭ കേബിളുകളിലൂടെയാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 138

(ബി) 497540

(സി) ഉണ്ട്.

(ഡി) ഭൂഗർഭ ലൈനിന്റെ പ്രാരംഭ ചെലവ് ഉപരിതല ലൈനിനുവേണ്ടി വരുന്ന ചെലവിന്റെ ഏഴു മടങ്ങ് കൂടുതലാണ്. പരിപാലന ചെലവ് ഭൂഗർഭ ലൈനിന് പ്രാരംഭ ചെലവിന്റെ ഒരു ശതമാനത്തോളവും ഉപരിതല ലൈനിന് പ്രാരംഭ ചെലവിന്റെ പത്തു ശതമാനത്തോളവും വരും.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തലസ്ഥാന നഗരിയിലെ പ്രധാന പാതകളിൽ 11 കെ. വി. വിതരണം ഭൂഗർഭ കേബിളുകളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എൽ. ടി. ശൃംഖല ഭൂഗർഭ കേബിൾ ആക്കുന്നതിന് സാങ്കേതികമായി പല പ്രയാസങ്ങളുമുണ്ട്.

വ്യവസായ സ്ഥാപനങ്ങളിലെ വൈദ്യുതി കുടിശ്ശിക

12 [2629] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വ്യവസായങ്ങൾക്കാണ് വൈദ്യുതി നിരക്കിൽ ഇളവ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും വ്യവസായ സംരംഭങ്ങൾ വൈദ്യുത ചാർജ്ജിൽ കുടിശ്ശിക അടയ്ക്കുവാനുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായ സംരംഭങ്ങളാണ് കുടിശ്ശിക അടയ്ക്കുവാനുള്ളതെന്നും ഓരോ സ്ഥാപനവും എന്തു തുക കുടിശ്ശിക അടയ്ക്കുവാനുണ്ട് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യവസായങ്ങൾക്ക് വൈദ്യുതി നിരക്കിൽ പ്രത്യേക ഇളവുകൾ നൽകുന്നില്ല. എന്നാൽ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യവും അർഹതപ്പെട്ട കേസ്സുകളിൽ പിഴപ്പലിശയിൽ ഇളവുകളും നിയമാനുസൃതം അനുവദിക്കാറുണ്ട്.

(ബി & സി) ഉണ്ട്. 31-12-2004-ലെ കണക്കനുസരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

വൈദ്യുതി ബോർഡിൽ വിജിലൻസ് നടത്തിയ റെയ്ഡുകൾ

13 [2630] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ വൈദ്യുതി ബോർഡ് വിജിലൻസ് നടത്തിയ റെയ്ഡിൽ എത്ര കോടിയുടെ മോഷണമാണ് കണ്ടെത്തിയിട്ടുള്ളതെന്നറിയിക്കുമോ;

(ബി) എത്ര പേരുടെ പേരിൽ വൈദ്യുതി മോഷണത്തിന് കേസെടുത്തിട്ടുണ്ടെന്നറിയിക്കാമോ;

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly